നം. റ്റി -150/2020/ജി.പി.എച്ച്.റ്റി.എസ്

ഗവഃ പബ്ലിക് ഹെൽത്ത് ട്രെയിനിങ് സ്കൂൾ
തിരുവനന്തപുരം
തീയതി : 06/01/2020
ഫോൺ : 0471 2479492

# സർക്കുലർ

വിഷയം: ജി.പി.എച്ച്.റ്റി.എസ്- ഡി എച്ച് ഐ സി -റഗുലർ പരീക്ഷ ഫെബ്രുവരി - മാർച്ച് 2020 - അപേക്ഷ ക്ഷണിക്കുന്നത് സംബന്ധിച്ച്.

സൂചന : സർക്കാർ ഉത്തരവ് നം. 1262/ കെ 2/13/എച്ച് & എഫ്.ഡബ്ല്യൂ.ഡി, തീയതി 22.03.2013

ഡി.എച്ച്.ഐ കോഴ്സിന്റെ ഒന്നാം/ രണ്ടാം വർഷത്തെ റഗുലർ/ റീഅപ്പിയറൻസ് പരീക്ഷ ഫെബ്രുവരി - മാർച്ച് 2020 ൽ നടത്തുവാനായി ഉദ്ദേശിക്കുന്നു. പരീക്ഷയിൽ പങ്കെടുക്കുന്നതിനുള്ള ഫീസിന്റെ ഘടന ചുവടെ ചേർക്കുന്നു.

1. അപേക്ഷ ഫോറം 10/- രൂപ
2. പരീക്ഷ ഫീസ്
   i) റഗുലർ ഓരോ പേപ്പറിനും 150/- രൂപ വീതം
   ii) റീഅപ്പിയറൻസ് ഓരോ പേപ്പറിനും 200/- രൂപ വീതം
3. മാർക്ക് ലിസ്റ്റ് ഓരോ വർഷത്തിനും 50/- രൂപ വീതം
4. ഡിപ്ലോമ സർട്ടിഫിക്കറ്റ് ലഭിക്കുന്നതിന് 100/- രൂപ (സർട്ടിഫിക്കറ്റിന് അപേക്ഷ നൽകുന്ന സമയത്ത്)

വിദ്യാർത്ഥികൾ റഗുലർ പരീക്ഷയുടെ അപേക്ഷയോടൊപ്പം പത്താം ക്ലാസ് പരീക്ഷയുടെ ഗസറ്റഡ് ഓഫീസർ സാക്ഷ്യപ്പെടുത്തിയ ശരിപ്പകർപ്പുകൂടി സമർപ്പിക്കേണ്ടതാണ്. കോളേജ് അധികൃതർ ഫീസിനത്തിലുള്ള തുക മുഴുവനായും സ്വീകരിച്ച് എസ് ബി ഐ യിൽ നിന്നും സെക്രട്ടറി, പാരാമെഡിക്കൽ കൗൺസിൽ, തിരുവനന്തപുരത്തിന്റെ പേരിൽ തിരുവനന്തപുരം സിറ്റി ബ്രാഞ്ചിൽ മാറാവുന്ന വിധത്തിലുള്ള ഡി.ഡി എടുത്ത് ഓരോ ബാച്ചിനും പ്രത്യേകം സ്റ്റേറ്റ്മെന്റ് ഉൾപ്പെടെ അയച്ചുതരേണ്ടതാണ്.

അപേക്ഷ ഫോറം ഈ സർക്കുലറിനോടൊപ്പം ആരോഗ്യവകുപ്പ് ഡയറക്ടറുടെ www.dhs.kerala.gov.in/results എന്ന വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.അപേക്ഷയും ഡി.ഡി യും പ്രിൻസിപ്പാൾ, പബ്ലിക് ഹെൽത്ത് ട്രെയിനിംഗ് സ്കൂൾ, വഞ്ചിയൂർ പി. ഒ, തിരുവനന്തപുരം – 695035 എന്ന മേൽവിലാസത്തിൽ അയയ്ക്കേണ്ടതാണ്. അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി 20/01/2020. ഫോട്ടോ സാക്ഷ്യപ്പെടുത്താത്തതും പൂർണ്ണമായും പൂരിപ്പിക്കാത്തതുമായ അപേക്ഷകൾ തിരസ്കരിക്കുന്നതാണ്.

Sd/-

നോഡൽ ഓഫീസർ (ഡി.എച്ച്.ഐ.സി)

പ്രിൻസിപ്പാൾ, പബ്ലിക് ഹെൽത്ത് ട്രെയിനിംഗ് സ്കൂൾ